**27th December 2015 / Sunday** **63rd day of 90 days**

**സങ്കീർത്തനങ്ങൾ** 112:2

‘അവന്റെ സന്തതി ഭൂമിയിൽ ബലപ്പെട്ടിരിക്കും. നേരുള്ളവരുടെ തലമുറ അനുഗ്രഹിക്കപ്പെടും.’

യഹോവയുടെ കല്പനകൾ ഇഷ്ടപ്പെട്ട് അനുസരിക്കുന്നവരുടെ സന്തതികൾ ഭൂമിയിൽ ആത്മീയമായി വളരെ ശക്തരാകുന്നു. അവനെ ദുഷ്ടശക്തികൾക്ക് തോൽപ്പിക്കാനോ തന്ത്രങ്ങളിൽ അകപ്പെടുത്താനോ കഴിയുകയില്ല. കാരണം ആയിരം തലമുറകളിലേക്കുള്ള അനുഗ്രഹങ്ങളാണ് മാതാപിതാക്കൾ ദൈവത്തിൽ നിന്ന് വാങ്ങിയിരിക്കുന്നത്. കഷ്ടങ്ങളിലും കഷ്ടതകളിലും പ്രയാസത്തിലും ദുഃഖത്തിലും ദൈവനാമത്തെ സ്തുതിച്ചുകൊണ്ട് സഹിക്കുകയും വഹിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ ക്രിസ്ത്യാനിയുടെ ജീവിതം. അതാണ് ദൈവമക്കളുടെ കടമയും ഉത്തരവാദിത്വവും. ദൈവഭയത്തിൽ മക്കളെ വളർത്തി, തിരുവചന വെളിച്ചത്തിൽ സഞ്ചരിക്കുവാൻ അവരെ പ്രാപ്തരാക്കിയാൽ, ദൈവസന്നിധിയിൽ നിന്ന് അന്യപ്പെട്ട് ഒരു നിമിഷം പോലും ജീവിക്കുവാൻ ഇടയാകില്ല. പിതാവായ ദൈവത്തെ പ്രസാദിപ്പിക്കാൻ വേണ്ടി, ഓരോ ദിവസത്തെ നമ്മുടെ ജീവിതം മുൻകൂട്ടി ദൈവത്തിൽ സമർപ്പിക്കുക. നമ്മുടെ മോഹങ്ങളും ആഗ്രഹങ്ങളുമെല്ലാം ദൈവത്തിൽ സമർപ്പിച്ച്, ദൈവഹിതപ്രകാരം മുന്നോട്ട് നീങ്ങണം. നമ്മുടെ വരും തലമുറകൾ അനുഗ്രഹിക്കപ്പെടാൻ നാം നേരുള്ളവരും നീതിയുള്ളവരുമാകണം. സ്വന്തം ജീവൻ നഷ്ടപ്പെടേണ്ടി വന്നാലും ദൈവവചനത്തിലും കല്പനയിലും ഉറച്ചു നിൽക്കണം. നിത്യരാജ്യത്തിൽ നിത്യസമാധാനവും നിത്യജീവനും ലഭിക്കുമെന്നത് ഉറപ്പാണ്. നാം അനുഗ്രഹിക്കപ്പെട്ട തലമുറയിലാണോ ജീവിക്കുന്നത്? അത് തിരിച്ചറിയാൻ വേണ്ടി നമ്മുടെ ജീവിതത്തിൽ എത്രമാത്രം സമാധാനം അനുഭവിക്കുന്നുണ്ട് എന്നറിഞ്ഞാൽ മതി, പ്രത്യേകിച്ച് ഈ ലോകത്തിന്റെ മോഹങ്ങളെ വിട്ടുപിരിഞ്ഞ്, കഷ്ടതകളിലും ദുഃഖങ്ങളിലും പ്രയാസങ്ങളിലും ദൈവസ്നേഹത്തിൽ ആനന്ദിക്കുവാനും കഴിയണം. ദൈവം നമുക്ക് തരുന്ന അനുഗ്രഹങ്ങളെ സ്വീകരിക്കുവാനും അത് പ്രയോജനപ്പെടുത്തി ജീവിതത്തെ കൂടുതൽ നന്മകളാൽ നിറയ്ക്കുവാനും കഴിയണം. നമ്മുടെ ജീവിതത്തിൽ നന്മകൾ ചെയ്തു ദൈവത്തെ പ്രസാദിപ്പിച്ച് ലഭിച്ച അനുഗ്രഹങ്ങൾ ആയിരം തലമുറയോളം നിലനിൽക്കുന്നു. എന്നാൽ ശാപവും പാപവും ബന്ധനവും നാലു തലമുറയോളം അവകാശം ഉണ്ടാകും. ശാപവും പാപവും ബന്ധനവും നീക്കുവാൻ ദൈവത്തിൽ കൂടുതൽ ആശ്രയിക്കേണം. ലഭിച്ച അനുഗ്രഹങ്ങൾ / താലന്തുകൾ വരും തലമുറയ്ക്കും പ്രയോജനപ്പെടുത്തുവാൻ വിധം വിനിയോഗിക്കണം. നമ്മുടെ വേണ്ടാത്തതായ ഒരു ചിന്തയോ വിചാരമോ മതി, സാത്താന് നമ്മളെ ബന്ധിക്കാൻ ആവശ്യമായ കയറിന്റെ നാരുകൾ ഉണ്ടാക്കാൻ, ഇങ്ങനെ പല നാരുകൾ ചേർത്താണ് അവൻ നമ്മെ ബന്ധിച്ചീടുന്നത്. ആ ബന്ധനങ്ങളുടെ ഓരോ ചുററുകൾ ഓരോ യാമപ്രാർത്ഥനയിലും ആരാധനയിലും അഴിക്കപ്പെടുന്നു. അനുതാപത്തോടെ, വീണ്ടും ജനനത്തിന്റെ അനുഭവത്തിൽ കർത്താവിന്റെ തിരുശരീരരക്തങ്ങൾ വിശുദ്ധിയോടെ കൂടി അനുഭവിച്ച് പാപങ്ങളുടെ മോചനത്തിനും കടങ്ങളുടെ പരിഹാരത്തിനും സർവ്വശക്തന്റെ സന്നിധിയിൽ സ്വയം സമർപ്പിക്കാം.

